REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 24-01-2026 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- **യുവജനങ്ങൾക്ക് സ്വദേശത്തും, വിദേശത്തും പുതിയ അവസരങ്ങൾ സൃഷ്ടിക്കാൻ ഗവൺമെന്റ് ശ്രമിച്ചുവരികയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **വിവിധ ജില്ലകളിൽ നിർമ്മാണം പൂർത്തിയാക്കിയ പൊലീസ് മന്ദിരങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനിൽ ഉദ്ഘാടനം ചെയ്തു.**
- **വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമാണം, വൈകിട്ട് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും.**
- **സംസ്ഥാനത്തെ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു.**
- **അണ്ടർ 19 ക്രിക്കറ്റ് ലോകകപ്പ് സൂപ്പർ സിക്സിലെത്തിയ ഇന്ത്യ ഇന്ന് അവസാന ഗ്രൂപ്പ് മത്സരത്തിൽ ന്യൂസിലന്റിനെ നേരിടും.**

## വാർത്തകൾ വിശദമായി

യുവജനങ്ങൾക്ക് സ്വദേശത്തും, വിദേശത്തും പുതിയ അവസരങ്ങൾ സൃഷ്ടിക്കാൻ ഗവൺമെന്റ് ശ്രമിച്ചുവരികയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. നിരവധി രാജ്യങ്ങളുമായി ഇന്ത്യ ഒപ്പുവെച്ച വ്യാപാര- ഗതാഗത കരാറുകൾ ഒട്ടേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് അദ്ദേഹം വിശദീകരിച്ചു. ന്യൂഡൽഹിയിൽ 18-ാമത് റോസ്ഗാർ മേളയിൽ 61,000 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് ഓൺലൈനിൽ നൽകുകയായിരുന്നു പ്രധാനമന്ത്രി.

നിരവധി ഗവൺമെന്റ് കമ്പനികളുടെ വളർച്ചയിൽ യുവജനങ്ങളുടെ പങ്ക് നിർണായകമാണ്. യുവജനങ്ങളിൽ നൈപുണ്യം വളർത്താനും, അവർക്ക് ജോലിക്ക് അവസരമൊരുക്കാനും, സ്വയംതൊഴിൽ കണ്ടെത്താൻ സഹായിക്കുന്നതിനും ഗവൺമെന്റ് പ്രതിബദ്ധമാണെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. ഈ ഉദ്ദേശ്യത്തോടെയാണ് റോസ്ഗർ മേളകൾ ആരംഭിച്ചതെന്നും പ്രധാനമന്ത്രി പറഞ്ഞു.

ദേശീയഗാനമായി ജനഗണമനയും, ദേശീയഗീതമായി വന്ദേമാതരവും അംഗീകരിച്ച ജനുവരി 24 നു തന്നെ റോസ്ഗാർ മേള ഒരുക്കിയത് ഭരണഘടനയോട് യുവജനങ്ങൾ പുലർത്തേണ്ട കർത്തവ്യത്തെ ഓർമ്മിപ്പിക്കുന്നതായും നരേന്ദ്രമോദി അഭിപ്രായപ്പെട്ടു. നിയമന കത്തുകൾ രാഷ്ട്രനിർമ്മാണത്തിന് ക്ഷണപത്രമാണെന്നും, വികസിത ഭാരത ലക്ഷ്യത്തിലേക്ക് സങ്കല്പപത്രമാണെന്നും പ്രധാനമന്ത്രി വിശദീകരിച്ചു.

പത്തുവർഷം കൊണ്ട് മൊത്തം ആഭ്യന്തര ഉത്പാദനം ഇരട്ടിയാക്കിയ ലോകത്തെ ഒരേയൊരു സമ്പദ്‌വ്യവസ്ഥ ഇന്ത്യയുടേതാണെന്ന് അദ്ദേഹം പറഞ്ഞു. നിലവിൽ നൂറിലേറെ രാജ്യങ്ങൾ ഇന്ത്യയിൽ നേരിട്ട് നിക്ഷേപിച്ചിട്ടുണ്ടെന്നും നരേന്ദ്രമോദി വെളിപ്പെടുത്തി.

റോസ്ഗാർ മേളയുടെ ഭാഗമായി തിരുവനന്തപുരം പള്ളിപ്പുറം CRPF ക്യാമ്പിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി 271 ഉദ്യോഗാർഥികൾക്ക് നിയമന ഉത്തരവ് കൈമാറി. തുടർന്ന് നിയമനം ലഭിച്ചവരുമായി സുരേഷ്ഗോപി സംവദിക്കുകയും ചെയ്തു.

✪✪✪

ഉത്തർപ്രദേശ് രൂപീകരണ ദിനത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും, പ്രധാനമന്ത്രി നരേന്ദ്രമോദിയും സംസ്ഥാനത്തെ ജനങ്ങൾക്ക് ആശംസ നേർന്നു.

ഇന്ത്യയുടെ വികസനയാത്രയിലെ ശക്തിസ്തംഭമാണ് UP യുടെ പാരമ്പര്യവും, സംസ്കാരവുമെന്ന് രാഷ്ട്രപതി സാമൂഹ്യമാധ്യമത്തിൽ അഭിപ്രായപ്പെട്ടു.

രാജ്യത്തിന്റെ സംസ്കാരത്തിനും പാരമ്പര്യത്തിനും വിലമതിക്കാനാവാത്ത സംഭാവനകൾ ഉത്തർപ്രദേശ് നൽകിയിട്ടുണ്ടെന്ന് പ്രധാനമന്ത്രിയും സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

ബീഹാർ മുൻ മുഖ്യമന്ത്രിയും പ്രമുഖ രാഷ്ട്രീയ നേതാവുമായിരുന്ന ജനനായക് കർപ്പൂരി താക്കൂറിന്റെ ജന്മവാർഷിക ദിനത്തിൽ ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും, പ്രധാനമന്ത്രി നരേന്ദ്ര മോദിയും സ്മരണാഞ്ജലി അർപ്പിച്ചു.

തികഞ്ഞ ജനനായകനായിരുന്നു കർപ്പൂരി ഠാക്കൂർ എന്ന് സാമൂഹ്യമാധ്യമത്തിൽ കുറിച്ച ഉപരാഷ്ട്രപതി, അദ്ദേഹത്തിന്റെ ലാളിത്യവും സമഗ്രതയും, പ്രതിബദ്ധതയും അനുസ്മരിച്ചു.

സമൂഹത്തിലെ ചൂഷിതരുടെയും, പിന്നാക്കക്കാരുടെയും, ദുർബല വിഭാഗങ്ങളുടെയും ഉന്നമനത്തിനായി കർപ്പൂരി താക്കൂർ നൽകിയ സംഭാവനകളെ പ്രധാനമന്ത്രി സമൂഹമാധ്യമ പോസ്റ്റിൽ  അനുസ്മരിച്ചു.

✪✪✪

ഇന്ന് ദേശീയ ബാലികാ ദിനം. സുസ്ഥിര  ഭാവിക്കായി പെൺകുട്ടികളെ ശാക്തീകരിക്കുക എന്നതാണ് ഇത്തവണത്തെ പ്രമേയം.

പെൺകുട്ടികളുടെ അവകാശങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം, പോഷകാഹാരം, ക്ഷേമം എന്നിവ ഉയർത്തിക്കാട്ടുന്നതിനായാണ്  എല്ലാ വർഷവും ജനുവരി 24 ദേശീയ ബാലികാ ദിനമായി  ആഘോഷിക്കുന്നത്.

2008 ൽ വനിതാ-ശിശു വികസന മന്ത്രാലയം ആരംഭിച്ച ഈ ദിനാചരണം, ലിംഗ വിവേചനത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനും തുല്യ അവസരങ്ങൾ പ്രോത്സാ ഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

✪✪✪

കേരള പൊലീസിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിൽ നിർമ്മാണം പൂർത്തിയാക്കിയ പൊലീസ് മന്ദിരങ്ങൾ  മുഖ്യമന്ത്രി പിണറായി വിജയൻ  ഓൺലൈനിൽ ഉദ്ഘാടനം ചെയ്തു.  പുതുതായി നിർമ്മിക്കുന്ന ഏതാനും കെട്ടിടങ്ങൾക്ക് അദ്ദേഹം തറക്കല്ലിടുകയും ചെയ്തു.

തൈക്കാട് പോലീസ് ട്രെയിനിംഗ് കോളേജിലെ  ചടങ്ങിൽ  കേരള റെയിൽവേ പോലീസിന്റെ  പുതിയ മൊബൈൽ ആപ്ലിക്കേഷൻ -"റെയിൽ മൈത്രി" അദ്ദേഹം പുറത്തിറക്കി. തിരുവനന്തപുരം കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി അഡ്മിനിസ്ട്രേറ്റീവ് ബ്ളോക്കിനും മുഖ്യമന്ത്രി തറക്കല്ലിട്ടു.

✪✪✪

പോലീസ് സേനയുടെ പ്രൊഫഷണൽ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനും സേനയെ ആധുനിക വൽക്കരിക്കുന്നതിനുമായി തലശ്ശേരി സബ് ഡിവിഷണൽ പോലീസ് ഓഫീസിൽ സജ്ജമാക്കിയ അത്യാധുനിക 'നോളജ് റിപ്പോസിറ്ററി സെന്റർ' മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. 30 ലക്ഷം രൂപ ചെലവഴിച്ചാണ് വിജ്ഞാനകേന്ദ്രം ഒരുക്കിയത്.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ

.........വോയ്സ്......

✪✪✪

വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമാണം വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ കേന്ദ്ര തുറമുഖവകുപ്പ് മന്ത്രി സർബാനന്ദ സോനോവാൾ മുഖ്യാതിഥിയാകും. വിഴിഞ്ഞത്തെ, ഇന്ത്യയിലെ ഏറ്റവും വലിയ ട്രാൻസ്ഷിപ്മെന്റ് ഹബ് ആക്കാനാണ് ശ്രമമെന്ന് മന്ത്രി VN വാസവൻ അറിയിച്ചു.

തുറമുഖത്തുനിന്ന് ഇറക്കുമതിയും കയറ്റുമതിയും സാധ്യമാക്കുന്ന, എക്സിം കാർഗോ സേവനങ്ങളുടെയും ദേശീയപാത ബൈപാസിലേയ്ക്ക് നിർമ്മിച്ച പുതിയ പോർട്ട് റോഡിന്റെയും ഉദ്ഘാടനവും ചടങ്ങിനോട് അനുബന്ധിച്ചു നടത്തും. ഏതാണ്ട് 10,000 കോടി രൂപ നിക്ഷേപത്തോടെ വികസന പദ്ധതി പൂർത്തിയാകുമ്പോൾ തുറമുഖത്തിന്റെ വാർഷിക ശേഷി ഉയരും.

✪✪✪

നാലാമത് ദേശീയ ഊർജ്ജ വാരാചരണം ഈ മാസം 27 മുതൽ 30 വരെ ഗോവയിൽ നടത്തും. ഊർജ്ജ സുരക്ഷ, സാമ്പത്തിക വളർച്ച, സുസ്ഥിരത എന്നിവയിൽ ഇന്ത്യയുടെ പ്രതിബദ്ധതയാണ് വാരാചരണം പ്രതിഫലിപ്പിക്കുന്നതെന്ന് കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പുരി ന്യൂഡൽഹിയിൽ പറഞ്ഞു. നാല് ദിവസത്തെ പരിപാടിയിൽ 75,000ത്തോളം പ്രതിനിധികൾ പങ്കെടുക്കും.

✪✪✪

നാലാമത് ദേശീയ ഊർജ്ജ വാരാചരണം ഈ മാസം 27 മുതൽ 30 വരെ ഗോവയിൽ നടത്തും. ഊർജ്ജ സുരക്ഷ, സാമ്പത്തിക വളർച്ച, സുസ്ഥിരത എന്നിവയിൽ ഇന്ത്യയുടെ പ്രതിബദ്ധതയാണ് വാരാചരണം പ്രതിഫലിപ്പിക്കുന്നതെന്ന് കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പുരി ന്യൂഡൽഹിയിൽ പറഞ്ഞു. നാല് ദിവസത്തെ പരിപാടിയിൽ 75,000ത്തോളം പ്രതിനിധികൾ പങ്കെടുക്കും.

✪✪✪

നാലാമത് ദേശീയ ഊർജ്ജ വാരാചരണം ഈ മാസം 27 മുതൽ 30 വരെ ഗോവയിൽ നടത്തും. ഊർജ്ജ സുരക്ഷ, സാമ്പത്തിക വളർച്ച, സുസ്ഥിരത എന്നിവയിൽ ഇന്ത്യയുടെ പ്രതിബദ്ധതയാണ് വാരാചരണം

പ്രതിഫലിപ്പിക്കുന്നതെന്ന് കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പുരി ന്യൂഡൽഹിയിൽ പറഞ്ഞു. നാല് ദിവസത്തെ പരിപാടിയിൽ 75,000ത്തോളം പ്രതിനിധികൾ പങ്കെടുക്കും.

✪✪✪

സംസ്ഥാനത്തെ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണവു മായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. പട്ടിക യിൻമേൽ പരാതികൾ ഈ മാസം 30 വരെ സമർപ്പിക്കാം. കരട് S I R റോളിൽ നിന്ന് പേരുകൾ ഒഴിവാക്കപ്പെട്ടവരും, പുതിയ അപേക്ഷകരും ഫോം 6 ഉപയോഗിച്ച് അപേക്ഷിക്കണം. വിദേശ വോട്ടർമാർ ഫോം 6 A സമർപ്പിക്കണം. അന്തിമ S I R വോട്ടർ പട്ടിക അടുത്തമാസം 21 ന് പ്രസിദ്ധീകരിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ രാവിലെ 11 ന്. പരിപാടിയുടെ 130 -ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും ശൃംഖലകളിൽ പരിപാടി തത്സമയം ലഭ്യമാകും.

✪✪✪

K റെയിലിന് പകരമായി കൊണ്ടുവരുന്ന ഹൈസ്പീഡ് ട്രെയിനുമായി ബന്ധപ്പെട്ട പ്രഖ്യാപനം 15 ദിവസത്തിനകം റെയിൽവെ നടത്തുമെന്ന് മെട്രോമൻ E. ശ്രീധരൻ അറിയിച്ചു. തിരുവനന്തപുരം-കണ്ണൂർ പാതയിൽ മണിക്കൂറിൽ 200 കിലോമീറ്റർ വേഗത്തിൽ ട്രെയിൻ സർവീസ് നടത്താനാണ് ലക്ഷ്യമിടുന്നത്. 86,000 കോടി രൂപയാണ് പാതയുടെ ചിലവ് കണക്കാക്കുന്നത്. ഇതിന്റെ വിശദ പദ്ധതി റിപ്പോർട്ട് ഒൻപത് മാസത്തിനകം പൂർത്തിയാക്കുമെന്നും E ശ്രീധരൻ മലപ്പുറത്ത് അറിയിച്ചു. ഇതിനായി പൊന്നാനിയിൽ ഓഫീസ് സജ്ജമാക്കും .

✪✪✪

ശബരിമല സ്വർണ്ണക്കള്ളക്കടത്ത് വിഷയത്തിൽ പ്രതിഷേധിച്ച് ഈ മാസം 27 ന് സെക്രട്ടറിയേറ്റിലേക്കും ജില്ലാ കലക്ടറേറ്റുകളിലേക്കും കോൺഗ്രസ് മാർച്ച് സംഘടിപ്പിക്കുമെന്ന് KPCC പ്രസിഡണ്ട് സണ്ണി ജോസഫ് അറിയിച്ചു . നഷ്ടപ്പെട്ട സ്വർണം എത്രയെന്ന് കണ്ടെത്തി അത് വീണ്ടെടുക്കുന്നില്ലെങ്കിൽ കേസിന്റെ തെളിവിനെ സാരമായി ബാധിക്കുമെന്നും അദ്ദേഹം കണ്ണൂരിൽ വാർത്താസമ്മേളന ത്തിൽ പറഞ്ഞു

പ്രധാനമന്ത്രിയുടെ കേരള സന്ദർശനത്തിൽ കോൺഗ്രസ് പാർട്ടിക്കെതിരെ അടിസ്ഥാനരഹിതമായആരോപണമാണ് ഉന്നയിച്ചതെന്നും അദ്ദേഹം

പറഞ്ഞു.തൊഴിലുറപ്പ് പദ്ധതി സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ മാസം 30 ന് പഞ്ചായത്തുകൾക്ക് മുന്നിൽ തൊഴിലുറപ്പ് സംരക്ഷണ സംഗമം നടത്തു മെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

ശബരിമല സ്വർണ്ണക്കൊള്ളക്കേസിൽ SIT കുറ്റപത്രം സമർപ്പിക്കാത്തത് ഗുരുതര വീഴ്ചയാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. ഇത് പ്രതികൾക്ക് ജാമ്യത്തിന് അവസരമൊരുക്കിയെന്നും SIT ക്ക് മേൽ മുഖ്യമന്ത്രിയുടെ ഓഫീസിന്റെ വലിയ സമ്മർദ്ദമുണ്ടെന്നും പ്രതിപക്ഷ നേതാവ് ആരോപിച്ചു. കുറ്റവാളികൾ പുറത്തിറങ്ങിയാൽ തെളിവ് നശിപ്പിക്കുമെന്നും കേസിൽ സോണിയാഗാന്ധിയുടെ അറസ്റ്റ് വേണമെന്ന ആവശ്യം വിവരക്കേടാണെന്നും പ്രതിപക്ഷ നേതാവ് തിരുവനന്തപുരത്ത് പത്ര സമ്മേളനത്തിൽ പറഞ്ഞു,

✪✪✪

നാടക പ്രവർത്തകനും ഗാനരചയിതാവുമായ K V വിജേഷ് അന്തരിച്ചു. എറണാകുളം തേവര സേക്രഡ് ഹാർട്ട് കോളേജിൽ നാടക പരിശീലനത്തിനിടെ കുഴഞ്ഞ് വീണാണ് 49 കാരനായ അദ്ദേഹത്തിന്റെ അന്ത്യം. നാടക രചയിതാവ്, സംവിധായകൻ, അഭിനയ പരിശീലകൻ, ഗാനരചയിതാവ് എന്നീ നിലകളിൽ ശ്രദ്ധേയനായിരുന്നു കോഴിക്കോട് സ്വദേശിയായ വിജേഷ്.

തകരച്ചെണ്ടയിലെ 'കുഞ്ഞു കുഞ്ഞു പക്ഷി', 'നിങ്ങള് നിങ്ങളെ മാത്രം ഇഷ്ടപ്പെടല്ലപ്പാ.. , ഈ പെരുത്ത ഭൂമീന്റെ ഉള്ളിന്റുള്ളില് ഒരു ചെറിയ ഭൂമീണ്ട്' തുടങ്ങി മലയാളികൾക്ക് സുപരിചിതമായ നിരവധി നാടക ഗാനങ്ങളുടെ രചയിതാവ് കൂടിയാണ് അദ്ദേഹം. തകരച്ചെണ്ട എന്ന ചിത്രത്തിൽ പാട്ടെഴുതിയാണ് വിജേഷ് ആദ്യമായി സിനിമാ രംഗത്തേക്കെത്തുന്നത്.

✪✪✪

അണ്ടർ 19 ക്രിക്കറ്റ് ലോകകപ്പ് സൂപ്പർ സിക്സിലെത്തിയ ഇന്ത്യ ഇന്ന് അവസാന ഗ്രൂപ്പ് മത്സരത്തിൽ ന്യൂസിലന്റിനെ നേരിടും. ഉച്ചക്ക് ഒന്നിന് ബുലാവോയിലാണ് മത്സരം. നേരത്തെ രണ്ട് മത്സരങ്ങളും മഴ നിയമപ്രകാരം ഇന്ത്യ ജയിച്ചിരുന്നു.

✪✪✪

അഖിലേന്ത്യ പൊലീസ് ബാസ്ക്കറ്റ് ബോൾ ടൂർണമെന്റിൽ കേരള വനിതാ പൊലീസ് ടീം ചാമ്പ്യന്മാരായി. സിലിഗുഡിയിലെ ചാമ്പ്യൻഷിപ്പിൽ പുരുഷ ടീം രണ്ടാം സ്ഥാനവും നേടി.

✪✪✪

തിരുവനന്തപുരത്ത് വൻ ലഹരി വേട്ടയിൽ പേട്ട റെയിൽവേ സ്റ്റേഷന് സമീപത്തുനിന്ന് 150 ഗ്രാമിലേറെ MDMA എക്സൈസ് നാർക്കോട്ടിക് സ്ക്വാഡ് പിടികൂടി. ഇരുചക്ര വാഹനത്തിൽ MDMA എത്തിച്ച നന്ദു, നന്ദഹരി എന്നിവരെ കസ്റ്റഡിയിലെടുത്തു.

✪✪✪

രാഹുൽ മാങ്കൂട്ടത്തിലിന്റെ മൂന്നാമത്തെ ലൈംഗിക പീഡന കേസിന്റെ ജാമ്യാപേക്ഷയിൽ വിധിപ്രഖ്യാപനം ഈ മാസം 28 ലേക്ക് മാറ്റി. പ്രതിഭാഗം ഹാജരാക്കിയ വോയിസ് ക്ലിപ്പ് ശാസ്ത്രീയ പരിശോധനക്ക് വിധേയമാക്കണമെന്ന പ്രോസിക്യൂഷന്റെ ആവശ്യം കണക്കിലെടുത്താണ് വിധിപ്രഖ്യാപനം മാറ്റിയത്.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: നിഷിത കുമാരി*
*NRTs: അനിൽ ചന്ദ്രൻ, രജിന കെ*
*DEO: ഷീബ*